**കേരള എക്സൈസ് വകുപ്പ്**

**"മാതൃഭാഷ-മലയാളം"**

**ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം,**

**(ഹാജർ : B. രാധാകൃഷ്ണൻ )**

വിഷയം : അബ്കാരി -2023-26വർഷത്തെ ദക്ഷിണ മേഖലയിലെ പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ ഓൺലൈൻ പുനർവിൽപ്പന നടപടികളുടെ സമയക്രമം ക്രമപ്പെടുത്തി ഉത്തരവാകുന്നത്- സംബന്ധിച്ച്

പരാമർശം: 1.06.06.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ : 654/2023)

2.04.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/ നികുതി വകുപ്പ് (05.09.2023 തിയതിയിലെ SRO നമ്പർ: 942/2023)

3.15.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ126/2023/നികതി വകുപ്പ്

4.എക്സൈസ് കമ്മീഷണറുടെ 29.03.2025 തിയതിയിലെ EXC/855/2024-XA1 നമ്പർ കത്ത്

**നമ്പർ EXC-SZ/406/2023-SZ3 തീയതി: 29-03-2025**

മേൽ പരാമർശം 1 2 3 സർക്കാർ ഉത്തരവുകളുടെയും പരാമർശം 4 നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 2024-25, 2025-26 കലയളവിലേക്ക് പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ മുഴവൻ റെന്റൽ തുകയുള്ള പുനർവിൽപ്പന യുടെ ഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടി സമയക്രമം താഴെ പറയുന്ന പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു

**അപേക്ഷ സമർപ്പിക്കൽ**

"One Time Registration"നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 29.03.2025 മുതൽ 01.04.2025 24.00 Hours വരെ "online" മുഖേന അപേക്ഷകൾ സമർപ്പിയ്ക്കാവുന്നതാണ്. അതോടൊപ്പം റേഞ്ച്/ഗ്രൂപ്പ് കളുടെ പുതുക്കിയ നിരക്കിലുള്ള "Rental and Additional Rental" എന്നിവ "online payment" ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയ പരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**സൂക്ഷ്മ പരിശോധന**

ബന്ധപ്പെട്ട ജില്ല ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഡിവിഷനിൽ online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 02.04.2025 2 PM ന് മുമ്പായി സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടെയും, മാർഗ്ഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## വില്പന നടപടികൾ

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അംഗീകരിച്ച് ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് Online പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേണ്ടതാണ്. 03.04.2025 തിയതിയിൽ രാവിലെ 11 AM ആരംഭിച്ച് Online മുഖേന വിൽപ്പന വിജയിയെ ജോയിന്റ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ് സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസ്സം ഉണ്ടായാൽ സമയ ക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് പരാമർശം ഉത്തരവുകളിലും മാർഗ്ഗനിർദേശങ്ങളിലും പറയുന്ന വിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി (Youtube(https:// youtube.com/@SouthZoneExcise)(ലിങ്ക് e toddy വെബ്സൈറ്റിൽ ലഭ്യമാണ് ) കൂടി വീക്ഷിക്കാവുന്നതാണ്

**കൊല്ലം ഡിവിഷന്**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | കരുനാഗപ്പള്ളി | III | 03.04.2025 |
| 2 | കരുനാഗപ്പള്ളി | VI | 03.04.2025 |
| 3 | കരുനാഗപ്പള്ളി | VII | 03.04.2025 |

**ആലപ്പുഴ ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | മാവേലിക്കര | IV | 03.04.2025 |
| 2 | ചെങ്ങന്നൂർ | II | 03.04.2025 |

Signed by
Radhakrishnan B
Date: 29-03-2025 18:35:30

RADHAKRISHNAN B
JOINT EXCISE COMMISSIONER

പകർപ്പ്

1എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)

2 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ആലപ്പുഴ, കോട്ടയം )
(ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)

3. എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം) (നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

4. ഉത്തരവ് ഫയൽ / കരുതൽ ഫയൽ